# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 നവംബർ 2 ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി
റവന്യൂ വകുപ്പുമന്ത്രി
മരാമത്ത് വകുപ്പുമന്ത്രി
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

## നാഷണൽ വൊക്കേഷണൽ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പദ്ധതി

*691 ശ്രീ. എസ്. രാജേന്ദ്രൻ
,, പി. കെ. ഗുരുദാസൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രഗവൺമെന്റ് ആരംഭിച്ച നാഷണൽ വൊക്കേഷണൽ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് എന്ന പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി ആവിഷ്ക്കരിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാർ ആരാഞ്ഞിരുന്നുവോ;

(സി) ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്കോളർഷിപ്പ് തുക</u>

*692 ശ്രീ. റ്റി. വി. രാജേഷ്
,, ആർ. രാജേഷ്
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പിന്നോക്കാവസ്ഥ പഠനത്തിന് പ്രതികൂലമാകാതിരിക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയ സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന പഠനച്ചെലവിനാനുപാതികമായി ഇവ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

വിജയ ശതമാനം

*693 ശ്രീ. വി. ശശി
,, മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജയം കുറഞ്ഞ ഹയർ സെക്കന്ററി സ്കൂളുകളിൽ ആയത് വർദ്ധിപ്പിക്കാനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര സ്കൂളുകളെ ഈ വർഷം ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്;

(സി) ഇവിടെ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കഴിഞ്ഞ അദ്ധ്യയന വർഷം എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയെന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ടൂറിസ്റ്റുകൾക്ക് ശാസ്ത്രീയ ആയുർവേദ ചികിത്സ</u>

*694 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ശിവൻകുട്ടി
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസവുമായി ബന്ധപ്പെട്ട ആയുർവ്വേദ സംരംഭങ്ങൾ പൊതുവിൽ കച്ചവടം മാത്രം പ്രധാന ലക്ഷ്യമാക്കിയിട്ടുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം കേന്ദ്രങ്ങളിൽ ആയുർവ്വേദ ചികിത്സ ശാസ്ത്രീയമായി നൽകുന്നു എന്നുറപ്പാക്കിയിട്ടുണ്ടോ;

(സി) ആയുർവ്വേദത്തെ ശരിയായ രീതിയിൽ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിനും ഇതിന്റെ മറവിൽ നടന്നുവരുന്ന തെറ്റായ പ്രവണതകളെ ഇല്ലാതാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സമയോചിതമായി പ്രതികരിക്കുന്നതിന് ശക്തരാക്കാൻ കർമ്മപരിപാടികൾ</u>

*695 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരന്തങ്ങളോട് സമയോചിതമായി പ്രതികരിക്കുന്നതിനും ആസൂത്രണത്തിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുളളത്;

(ബി) ഭരണകർത്താക്കൾ, പൊതുജനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയെ അടിയന്തിര നടപടികളിലൂടെ സമയോചിതമായി പ്രതികരിപ്പിക്കുന്നതിന് ശക്തരാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(സി) ഇതിന് ഫലപ്രദമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകൾക്കു വേണ്ടിയുള്ള വരുമാന സർട്ടിഫിക്കറ്റ്</u>

*696 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾക്കായുള്ള വരുമാന സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ വില്ലേജ് ഓഫീസർമാർ നേരിട്ട് സ്വീകരിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ വഴി വില്ലേജ് ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടി വരുന്നത് മൂലം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ വില്ലേജ് ഓഫീസർമാർ നേരിട്ട് സ്വീകരിക്കാനും കാലതാമസം കൂടാതെ നൽകുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അംഗീകൃത ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ</u>

*697 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ബി. ഡി. ദേവസ്സി
ഡോ.കെ. ടി ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അനധികൃത മസാജ് സെന്ററുകൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയൂർവ്വേദ ചികിത്സയുടെ മറവിൽ പ്രവർത്തിക്കുന്ന അത്തരം കേന്ദ്രങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) ടൂറിസ്റ്റുകൾക്ക് അംഗീകൃത ആയൂർവ്വേദ ചികിത്സാ കേന്ദ്രങ്ങളെ തിരിച്ചറിയാൻ ഫലപ്രദമായ സംവിധാനമുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ക്വാളിറ്റി കൺട്രോൾ വിഭാഗം</u>

*698 ശ്രീ. വി. ചെന്താമരാക്ഷൻ
,, എളമരം കരീം
,, എം. ഹംസ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ഫലപ്രദമാണോ; വകുപ്പിന് സ്വന്തമായി ഒരു പരിശോധനാ വിഭാഗം ഏർപ്പെടുത്താനുദ്ദേശമുണ്ടോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും, വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും ഇപ്പോൾ കഴിയുന്നുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>ടൂറിസം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

*699 ശ്രീ. ജെയിംസ് മാത്യു
,, കെ. കെ. നാരായണൻ
,, എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) മുൻ സർക്കാർ ഭരണാനുമതി നൽകി തുടക്കം കുറിച്ചിട്ടുള്ള എത്ര പദ്ധതികളുടെ നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുണ്ട്; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പൂർത്തീകരണത്തിന് ഏറ്റവും ഒടുവിൽ ലക്ഷ്യമിട്ട തീയതി ഏതായിരുന്നു; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കുമെന്നു വ്യക്തമാക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താനും സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന റോഡുകളുടെ വികസനം</u>

*700 ശ്രീ. കെ. ദാസൻ
,, എം.എ. ബേബി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച തോതിൽ ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന റോഡുകളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്രകാരമുളള എത്ര റോഡുകളുണ്ടെന്നും അവ മൊത്തം എത്ര കിലോമീറ്റർ വരുമെന്നും അിറയിക്കുമോ;

(സി) ഈ വർഷം ഇത്തരത്തിൽപ്പെട്ട എത്ര കിലോമീറ്റർ റോഡ് വികസിപ്പിക്കുമെന്നും അതിന് മൊത്തം എന്തു തുക വേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ടോ; ബഡ്ജറ്റിൽ ഇതിന് മാത്രമായി എന്തു തുക വകയിരുത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ

*701 ശ്രീ. എളമരം കരീം
,, കെ. രാധാകൃഷ്ണൻ
,, എം. ഹംസ
,, കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിലെ അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ വിശദമാക്കാമോ; ഇത് കാലോചിതവും ശാസ്ത്രീയവുമാണോ;

(ബി) ഇപ്പോൾ അദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലനങ്ങൾ തുടരുമോ; ഇതിലെ കുറവുകൾ കണ്ടെത്തി പരിഹരിക്കുന്നതിന് 'അക്കാദമിക്' നിർദ്ദേശങ്ങൾ പാക്കേജിന്റെ ഭാഗമാക്കിയിട്ടുണ്ടോ;

(സി) ഇപ്പോൾ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള അദ്ധ്യാപകരുടെ പുതിയ റാങ്ക് ലിസ്റ്റ് പി.എസ്.സി. തയ്യാറാക്കി വരുന്നതുവരെ, സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നത് എപ്രകാരമായിരിക്കുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്കൂള്‍ ലൈബ്രറികളുടെയും ലാബുകളുടെയും വികസനം</u>

*702 ശ്രീ. പുരുഷന്‍ കടലുണ്ടി
ഡോ. കെ. ടി. ജലീല്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ ലൈബ്രറികളുടെയും ലാബുകളുടെയും അവസ്ഥ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) സ്കൂളുകള്‍ക്ക് മികച്ച പുസ്തകങ്ങള്‍ ലഭ്യമാക്കാന്‍ മുന്‍സര്‍ക്കാര്‍ സ്വീകരിച്ച ദിശയിലുള്ള പ്രവര്‍ത്തനങ്ങള്‍ തുടരുമോ;

(സി) സ്കൂള്‍ ലബോറട്ടറികളുടെ വികസനത്തിന് വിവിധ ഏജന്‍സികളുടെ സഹകരണത്തോടെ പദ്ധതി തയ്യാറാക്കുമോ;

(ഡി) സ്വകാര്യ സ്കൂള്‍ ലൈബ്രറികളുടെയും ലാബുകളുടെയും കാര്യത്തില്‍ എന്തെങ്കിലും നിര്‍ദ്ദേശം നല്‍കാനുദ്ദേശിക്കുന്നുണ്ടോ ?

## കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ദുരന്ത നിവാരണ അതോറിട്ടി

*703 ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിട്ടി രൂപീകരിച്ചതെന്നാണ്, പ്രസ്തുത അതോറിട്ടിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) എല്ലാ ജില്ലകളിലും ദുരന്ത നിവാരണ അതോറിട്ടികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപപടികൾ ഏതു ഘട്ടം വരെയായി;

(സി) ഇതിനായി ഒരു സിവിൽ - ഡിഫൻസ് സേന രൂപീകരിച്ചു പരിശീലനം നൽകാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

ബദല്‍ സ്ക്കൂളുകള്‍ പ്രവര്‍ത്തനം

T *704 ശ്രീ. സി. കൃഷ്ണന്‍
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ.വി. വിജയദാസ്
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്

**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആയിരക്കണക്കിന് ആദിവാസി വിദ്യാര്‍ത്ഥികള്‍ക്ക് പഠനത്തിന് ആശ്രയമായിരുന്ന ബദല്‍ സ്ക്കൂളുകള്‍ എന്നു വരെ പ്രവര്‍ത്തനക്ഷമമായിരുന്നു;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ബദല്‍ സ്കൂള്‍ അദ്ധ്യാപകരുടെ കരാര്‍ പുതുക്കി നല്‍കാതിരുന്നിട്ടുണ്ടോ;

(സി) ഏതെല്ലാം ജില്ലകളില്‍ എത്രവീതം ബദല്‍ സ്കൂളുകളാണ് മുന്‍ സര്‍ക്കാരിന്റെ കാലത്ത് പ്രവര്‍ത്തനക്ഷമമായിരുന്നത്;

(ഡി) മുന്‍ സര്‍ക്കാര്‍ ബദല്‍സകൂള്‍ തുടര്‍ന്നും പ്രവര്‍ത്തിപ്പിച്ചത് ആദിവാസിമേഖലയിലെ വിദ്യാര്‍ത്ഥികള്‍ക്ക് പഠനത്തിന് എത്രത്തോളം സഹായകരമായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>നബാർഡിന്റെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ</u>

*705 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, മഞ്ഞളാംകുഴി അലി
,, കെ. എം. ഷാജി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലങ്ങളുടെയും റോഡുകളുടെയും നിർമ്മിതിക്ക് നബാർഡിൽ നിന്നും ധനസഹായം ലഭിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്നും, സഹായത്തിന്റെ സ്വഭാവമെന്താണെന്നും വിശദമാക്കാമോ;

(ബി) ഇതിനായി സംസ്ഥാനത്ത് പൊതുമരാമത്തു വകുപ്പിനോടനുബന്ധിച്ച പ്രവർത്തിക്കുന്ന സെല്ലിന്റെ ഘടന വ്യക്തമാക്കുമോ;

(സി) നബാർഡ് സഹായത്താൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു;

(ഡി) കൂടുതൽ പദ്ധതികൾക്ക് ധനസഹായം ലഭിക്കാൻ സംസ്ഥാനത്തിന്റെ ഭാഗത്തു നിന്നും എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ടൂറിസം വികസനത്തിന് സ്വകാര്യമേഖലയ്ക്ക് സബ്സിഡി</u>

*706 ശ്രീ. കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി.ഡി. സതീശൻ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര ഉല്പന്നങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് സ്വകാര്യ മേഖലയ്ക്ക് നൽകിവരുന്നത്;

(ബി) മൂലധന സബ്സിഡിയും വൈദ്യുതി സബ്സിഡിയും സ്വകാര്യ മേഖലയ്ക്കു നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) യോഗ്യതയുള്ള ട്രാവൽ ആന്റ് ടൂറിസം യൂണിറ്റുകൾക്ക് പ്രോത്സാഹനങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

*707 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖല കഴിഞ്ഞാൽ വിദ്യാഭ്യാസപരമായും സാമൂഹികപരമായും ഏറ്റവും പിന്നിൽ നിൽക്കുന്നത് മത്സ്യതൊഴിലാളികളാണെന്നുള്ള സംസ്ഥാന പിന്നോക്ക വിഭാഗസമിതിയുടെ വിലയിരുത്തൽ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മേഖലകളിൽ പ്രത്യേകമായി വിദ്യാലയങ്ങൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിൻപ്രകാരം പുതുതായി എവിടെയെല്ലാം വിദ്യാലയങ്ങൾ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി</u>

*708 ശ്രീ. കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്;

(ബി) ഹൈസ്കൂൾ, ഹയർസെക്കണ്ടറി കുട്ടികൾക്കായി വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഈ വെബ്പോർട്ടൽ വിദ്യാർത്ഥികൾക്ക് എപ്രകാരമെല്ലാം പ്രയോജനപ്രദമാകുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

*709 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. കെ. ബാലൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; അവ അംഗീകരിച്ചുകൊണ്ടാണോ അദ്ധ്യാപക പാക്കേജിന് മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നത്;

(ബി) അല്ലെങ്കിൽ അംഗീകരിച്ചിട്ടില്ലാത്ത ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു;

(സി) പ്രസ്തുത ആവശ്യങ്ങൾ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറയുമ്പോൾ സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പി. എസ്. സി. വഴി നിയമനം നടത്താത്തത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതി

*710 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതികളിലൂടെ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രത്യേക പരിപാടികൾ വിശദീകരിക്കാമോ ;

(ബി) ഇനി രക്ഷിതാക്കൾക്കുള്ള പങ്ക് വ്യക്തമാക്കാമോ ;

(സി) അദ്ധ്യാപകർക്ക് തത്സമയ പിന്തുണ നൽകാനുള്ള ട്രെയിനർമാരുടെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഒഴിവുകൾ നികത്തുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>പേപ്പർലെസ് ഓഫീസ്</u>

*711 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനെ പേപ്പർലെസ് ഓഫീസാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും വിദ്യാഭ്യാസ മന്ത്രിക്ക് നേരിട്ട് പരാതി അയക്കുന്നതിനും അവർക്ക് മറുപടി ലഭിക്കുന്നതിനും മന്ത്രിയുടെ ഓഫീസിൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ സംവിധാനം എന്നുമുതൽ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

'കോസ്‌വേ' നിർമ്മാണം

*712 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''കോസ്‌വേ'' നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) പുതിയ ''കോസ്‌വേ''കൾ നിർമ്മിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) വിദ്യാലയങ്ങൾക്ക് സമീപം ആവശ്യമായ സ്ഥലങ്ങളിൽ ''കോസ്‌വേ'' നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ ഏതു ഘട്ടത്തിലാണ് ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പുതിയ വൊക്കേഷണൽ കോഴ്സുകൾ</u>

*713 ശ്രീ. കെ. വി. വിജയദാസ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് നടത്തുന്ന കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് പാസ്സായവർക്ക് അതാത് മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്താൻ സർക്കാർ തലത്തിൽ ലഭ്യമാക്കുന്ന സഹായങ്ങൾ വിശദമാക്കാമോ;

(സി) കോഴ്സ് പാസ്സാകുന്നവരിൽ എത്ര പേർ സ്വയംതൊഴിൽ കണ്ടെത്തിയിട്ടുണ്ടെന്ന് പരിശോധിക്കാൻ വകുപ്പുതലത്തിൽ സംവിധാനമുണ്ടോ ; വിശദമാക്കാമോ;

(ഡി) വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ കാലഘട്ടത്തിനനുസൃതമായ പുതിയ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>ജി.ഐ.എസ്. പഠനങ്ങൾ</u>

*714 ശ്രീ. വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണത്തിന് ദുരന്ത ലഘൂകരണം, നിവാരണം, തയ്യാറെടുപ്പ് തുടങ്ങിയ മേഖലകളുടെ സംയോജനം നടത്തി ഫലപ്രദമായ പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമോ;

(ബി) ഇതിനായി റിമോട്ട് സെൻസിംഗ് കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ജി.ഐ.എസ്. പഠനങ്ങൾ വഴി ദുരന്ത മേഖലകൾ കണ്ടെത്താൻ ശ്രമിക്കുമോ;

(സി) ഇതിനായി വകുപ്പിന്റെ ഇച്ഛാശക്തിയും ആധുനിക സാങ്കേതിക വിദ്യയും സംയോജിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുമോ ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ മലയാള പഠനം</u>

*715 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ
,, പുരുഷൻ കടലുണ്ടി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാളം ഒരു നിർബന്ധിത വിഷയമായി പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ മലയാളം പഠിപ്പിക്കാത്ത ഏതെല്ലാം സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(സി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലും മലയാളം നിർബന്ധിതമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) മലയാളഭാഷാപഠനം സംബന്ധിച്ച ഉത്തരവ് മാനിക്കാത്ത ഏതെല്ലാം സ്കൂളുകളുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

തണ്ണീർത്തടങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണം

*716 ശ്രീ. എം. ചന്ദ്രൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തണ്ണീർത്തടങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണത്തിന്റെ അളവും വ്യാപ്തിയും സംബന്ധിച്ച പരിശോധനകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച ഭൂപടങ്ങൾ ഏതെല്ലാം ജില്ലകളിൽ തയ്യാറാക്കിയിട്ടുണ്ട്;

(സി) ഇതിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ഡി) തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>സ്കൂൾ പാർലമെന്റുകൾ</u>

*717 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാർലമെന്റുകൾ സജീവമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി ക്ലാസ്സ് സഭകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ക്ലാസ്സ് സഭകളുടെ പ്രവർത്തനരീതിയും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് എന്നുമുതൽ പ്രാവർത്തികമാക്കാനാകും എന്നാണ് കരുതുന്നത് ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

ഇക്കോ ടൂറിസം പദ്ധതി

*718 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹാർദ്ദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) വിനോദ സഞ്ചാര മേഖലയിൽ പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 2.11.2011-ലെ മറുപടിക്ക്

<u>'ഭാരതദർശനം' പദ്ധതി</u>

*719 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭാരതദർശനം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി വിദ്യാർത്ഥികളെ വിനോദയാത്രയ്ക്കും പഠനയാത്രയ്ക്കും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ; വിശദമാക്കാമോ ;

(സി) അവർക്കുള്ള സാമ്പത്തിക സഹായം ഏതു ഏജൻസി വഴിയാണ് ലഭ്യമാക്കുന്നത്?

# കേരള നിയമസഭ
# 2.11.2011-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ പരിഷ്കരണ പദ്ധതികൾ</u>

*720 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഏതെല്ലാം പരിഷ്കരണ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്;

(ബി) ഈ പദ്ധതികളുടെ ഭാഗമായി എന്തെല്ലാം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്;

(സി) ഓരോ പരിശീലന പരിപാടിയുടേയും ദൈർഘ്യവും ഇതിനായി ചെലവഴിക്കുന്ന തുകയും എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) അദ്ധ്യാപകരുടെ സാമൂഹിക ഉത്തരവാദിത്തവും കർത്തവ്യവും ശക്തിപ്പെടുത്താൻ കഴിയാത്ത രൂപത്തിൽ അദ്ധ്യാപക പരിശീലനങ്ങൾ പ്രഹസനമാകുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 24.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.